# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വോർക്കാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-5/881/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 26/12/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വോർക്കാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-5/881/2023 തീയ്യതി: 26/12/2023

## കാസർഗോഡ് ജില്ലയിലെ വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രേഖ ആർ | ഡെപ്യൂട്ടി ഡയറക്ടർ | 05-12-2023 | 14-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-12-2023 | 14-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഗോപാലകൃഷ്ണ നായ്ക്ക് പി, ഓഡിറ്റ് ഓഫീസർ
ശ്രീ. ജയാനന്ദ.എച്ച്, ഓഡിറ്റ് ഓഫീസർ
ശ്രീ. ജനാർദ്ദനൻ സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സുധീഷ് എൻ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഹരി വേണുഗോപാലൻ കെ വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഭാരതി എസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. തോമസ് ഉമ്മൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജാമി സ്റ്റീഫൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സഫിത എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. മഹാബാല ശർമ്മ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ. റിഷ്മി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ. അജയൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ തിമ്മക്കടിയ ഒ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 13-10-2022 |
| ശ്രീമതി പാർവ്വതി ബി ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 14-10-2022 | 12-12-2022 |
| ശ്രീ. അലൻ അഗസ്റ്റിൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 13-12-2022 | 03-01-2023 |
| ശ്രീ. രഞ്ജി സേവ്യർ | അസിസ്റ്റന്റ് എഞ്ചിനീയർ | 04-01-2023 | 31-03-2023 |
| ശ്രീ. കിരൺ ശങ്കർ | വി.ഇ.ഒ (വൊർക്കാടി സർക്കിൾ) | 01-04-2022 | 20-07-2022 |
| ശ്രീമതി ദീപ്തി അൻസാൽ | വി.ഇ.ഒ (വൊർക്കാടി സർക്കിൾ) | 21-07-2022 | 26-10-2022 |
| ശ്രീ. കിരൺ ശങ്കർ | വി.ഇ.ഒ (വൊർക്കാടി സർക്കിൾ) | 27-10-2022 | 19-11-2022 |
| ശ്രീ. സഞ്ജു ടി എസ് | വി.ഇ.ഒ (വൊർക്കാടി സർക്കിൾ) | 20-11-2022 | 16-12-2022 |
| ശ്രീ. പ്രമോദ് ആർ ആർ | വി.ഇ.ഒ (വൊർക്കാടി സർക്കിൾ) | 17-12-2022 | 31-03-2023 |
| ശ്രീ. കിരൺ ശങ്കർ | വി.ഇ.ഒ (കൊഡലമൊഗറു സർക്കിൾ) | 01-04-2022 | 20-07-2022 |
| ശ്രീമതി ദീപ്തി അൻസാൽ | വി.ഇ.ഒ (കൊഡലമൊഗറു സർക്കിൾ) | 21-07-2022 | 26-10-2022 |

| | | | |
|---|---|---|---|
| ശ്രീ. കിരൺ ശങ്കർ | വി.ഇ.ഒ (കൊഡലമൊഗറു സർക്കിൾ) | 27-10-2022 | 19-11-2022 |
| ശ്രീ. സഞ്ജു ടി എസ് | വി.ഇ.ഒ (കൊഡലമൊഗറു സർക്കിൾ) | 20-11-2022 | 16-12-2022 |
| ശ്രീ. പ്രമോദ് ആർ ആർ | വി.ഇ.ഒ (കൊഡലമൊഗറു സർക്കിൾ) | 17-12-2022 | 31-03-2023 |
| ശ്രീ. മനോജ് കെ പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ. ചാന്ദിനി കെ ജി | വെറ്ററിനറി സർജ്ജൻ | 01-04-2022 | 27-10-2022 |
| ഡോ. പ്രവീൺ എസ് | വെറ്ററിനറി സർജ്ജൻ | 28-10-2022 | 31-03-2023 |
| ഡോ. ഷൈന | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | എ.സി.ആർ - ചെലവു പത്രിക എന്നിവയിലെ ചെലവു തുക പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | എൻ.ആർ.ഇ.ജി.എസ് തുകകൾ ധനകാര്യപത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ബാധ്യത തുകകളുടെ നീക്കിയിരിപ്പ് അവയുടെ അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ഫെസ്റ്റിവൽ അഡ്വാൻസ് തുക ക്രമീകരിക്കാതെ നിലനിൽക്കുന്നു. | 1-1-7 |
| 9 | പാർട്ട് പേമെന്റ് തുക ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | ഡെപ്പോസിറ്റ്,അഡ്വാൻസ് രജിസ്റ്ററുകൾ കാലികമല്ല. | 1-1-9 |
| 11 | കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക ധനകാര്യപത്രികയിൽ ഡെപ്പോസിറ്റായി ഉൾപ്പെടുത്തിയിട്ടില്ല. | 1-1-10 |
| 12 | Excess Of Income Over Expenditure ക്യാരി ഓവർ ചെയ്തതിൽ പിശക് | 1-1-11 |
| 13 | റീകൺസിലേഷൻ പത്രികകൾ ലഭ്യമാക്കിട്ടില്ല. | 1-1-12 |
| 14 | ബാങ്ക് പാസ് ബുക്ക് / സ്റ്റേറ്റ്മെന്റ് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല.. | 1-1-13 |
| 15 | വായ്പയും Prepaid Programme Expense ഉം പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | വിവിധ ആസ്തി ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-1-15 |
| 17 | RP-30ൽ (-)91,095.00 രേഖപ്പെടുത്തിയത് വിവരം ലഭ്യമാക്കിട്ടില്ല | 1-1-16 |
| 18 | B-4 ഷെഡ്യൂൾ -ടോട്ടൽ സാനിട്ടേഷൻ-ചെലപ്പ തുക ക്രമീകരിച്ചിട്ടില്ല | 1-1-17 |
| 19 | മറ്റ് അപാകകൾ | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തിക വിശകലനം | 1-3 |
| 22 | ഗ്രാന്റ് വിനിയോഗം | 1-4 |
| 23 | പദ്ധതി അവലോകനം | 1-5 |
| 24 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 25 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |

| | | |
|---|---|---|
| 26 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 27 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 28 | തുക ഒടുക്കിയതിലെ അപാകതക**ൾ** സംബന്ധിച്ച് | 1-10 |
| 29 | എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 30 | വസ്തുനികുതി നിർണ്ണയം - കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിൽ അപാകത | 1-12 |
| 31 | ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതികൾ - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-13 |
| 32 | വാങ്ങലുകൾ നടത്തുമ്പോൾ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ഈടാക്കാതെ തുക അനുവദിച്ചു. | 1-14 |
| 33 | ഐ കെ എം പഞ്ചായത്ത് വിഹിതം നൽകൽ പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-15 |
| 34 | ഇലക്ട്രിക് പോസ്റ്റ് ലൈൻ മാറ്റൽ.-രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-16 |
| 35 | സുണ്ണംഗള വാർഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ-രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-17 |
| 36 | എസ് എസ് കെ പഞ്ചായത്ത് വിഹിതം നൽകൽ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-18 |
| 37 | എബിസി പരിപാടി - പഞ്ചായത്ത് വിഹിതം നൽകൽ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-19 |
| 38 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-20 |
| 39 | ലോഗ് ബുക്ക് പരിപാലനം-അപാകതകൾ | 1-21 |
| 40 | കണ്ണൂർ യൂണിവേഴ്സിറ്റി കലോത്സവം പഞ്ചായത്ത് വിഹിതം നല്കൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-22 |
| 41 | സ്യൂട്ട് രജിസ്റ്റർ ഹാജരാക്കിയില്ല | 1-23 |
| 42 | പോഷകവാടി പദ്ധതി സംബന്ധിച്ച് അപാകതകൾ | 1-24 |
| 43 | നെൽകൃഷി വികസന പദ്ധതി ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല | 1-25 |
| 44 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-26 |
| 45 | തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ് -രജിസ്റ്ററുകളും അനുബന്ധ രേഖകളും ലഭ്യമല്ല. | 1-27 |
| 46 | വീട് മേൽക്കൂര മാറ്റൽ - നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് അവസാന ഗഡു നൽകിയിട്ടില്ല. | 1-28 |
| 47 | മുൻകൂർ തുക നൽകിയിട്ടും മുഴുവൻ തുകയുടെയും മരുന്ന് ലഭ്യമാക്കിയിട്ടില്ല. | 1-29 |

| | | |
|---|---|---|
| 48 | തനത് വരുമാനം സംബന്ധിച്ച അവലോകനം | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം , കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 31/07/2023 ലെ 1(1) കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 31/07/2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്

26.12.2023

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

A) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ്

നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ, തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalance" ആയി രേഖപ്പെടുത്തിയ തുകയും (2,18,602/-) ഇതേ പത്രികയിൽ "Net Cash Generated By Operating+ Investing+Financing Activity" (A+B+C) ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും (1,04,60,957/-) തുല്യമല്ല ആയതിനാൽ ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ച്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-4 എ.സി.ആർ - ചെലവു പത്രിക എന്നിവയിലെ ചെലവു തുക പൊരുത്തപ്പെടുന്നില്ല

| ഇനം | എ.സി.ആർ പ്രകാരം ചെലവ് | ചെലവ് പത്രിക പ്രകാരം ചെലവ് | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 2,22,57,583 | 2,47,10,578 (2,72,30,021 - 25,19,443 (സ്രോതസിൽ നിന്നും കുറവു ചെയ്തത്) | 24,52,995 |
| വികസന ഫണ്ട് - എസ്.സി.പി | 10,28,267 | 12,66,612 (15,47,757 - 2,81,145 (സ്രോതസിൽ നിന്നും കുറവു ചെയ്തത്) | 2,38,345 |
| വികസന ഫണ്ട് -ടി. എസ്.പി | 15,87,110 | 17,14,808 (18,42,506 - 1,27,698 (സ്രോതസിൽ നിന്നും കുറവു ചെയ്തത്) | 1,27,698 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 56,89,493 | 50,98,820 | 5,90,673 |

### 1-1-5 എൻ.ആർ.ഇ.ജി.എസ് തുകകൾ ധനകാര്യപത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

എൻ.അർ.ഇ.ജി.എസ് ചെലവിനങ്ങളിൽ ധനകാര്യപത്രികയുമായി ചുവടെ പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഇനം | എൻ.ആർ.ഇ.ജി.എസ് രേഖകൾ പ്രകാരം | ധനകാര്യപത്രിക പ്രകാരം |
|---|---|---|
| ഭരണച്ചെലവ് | 0 | 7199/- ( I-14 (F) ഷെഡ്യൂൾ "256100116 – ഭരണ ചെലവ് " ) |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക | 1,95,36,954/- | 1,90,80,218/- (I-14 (C) ഷെഡ്യൂൾ "253100101 – ടോട്ടൽ പോവർട്ടി അലിവിയേഷൻ " ) |
| ആകെ ചെലവ് | 1,95,36,954/- | 1,90,87,417/- (I-6 ഷെഡ്യൂൾ "160100628- എം.ജി.എൻ. ആർ.ഇ.ജി.എസ്) |

### 1-1-6 ബാധ്യത തുകകളുടെ നീക്കിയിരിപ്പ് അവയുടെ അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

ധനകാര്യ പത്രികയിൽ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ പറയുന്ന ഇനങ്ങളിലെ തുകയും ബന്ധപ്പെട്ട അക്കൗണ്ടിലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ഇനം | ബി-2/ബി- 4 ഷെഡ്യൂൾ പ്രകാരം ബാധ്യത | ബി- 17 ഷെഡ്യൂൾ പ്രകാരം അക്കൗണ്ടിലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | MGNREG ഫണ്ട് | 11,95,698/- | 4,33,870/- (KERALA GRAMIN BANK-MAHATMA GANDHI NREGS-( 40483100005203) |
| 2 | 320100139-National Health Mission | 2,93,749/- | 62,688/- (CANARA BANK-HEALTH GRANT FOR DIAGNOSTIC INFRASTRUCTURE-(110042984565)) 86,214/-(CANARA BANK-HEALTH GRANT CONVERSION OF RURAL PHC-(110042991470) |
| 3 | സി.എഫ്.സി - ടൈഡ് & അൺടൈഡ് | 1,46,59,701/- (57,98,202 + 88,61,499) | 79,47,852/- (CANARA BANK CFC PFMS-( 42282200187985) |

### 1-1-7 ഫെസ്റ്റിവൽ അഡ്വാൻസ് തുക ക്രമീകരിക്കാതെ നിലനിൽക്കുന്നു.

2022-23 സാമ്പത്തിക വർഷം ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയതിൽ 24,000/- രൂപ ക്രമീകരിക്കുവാനുണ്ട്. ഈ തുകകൾ തിരികെ ഈടാക്കാത്തതിനുള്ള കാരണം വിശദമാക്കിയിട്ടില്ല.

### 1-1-8 പാർട്ട് പേമെന്റ് തുക ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസിൽ ഉൾപ്പെടുത്തിയിട്ടില്ല.

2022-23 സാമ്പത്തിക വർഷം ചുവടെ പറയും പ്രകാരം പാർട്ട് പേമെന്റ് നൽകിയ തുകകൾ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്ന ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | തുക |
|---|---|---|
| 1 | 171- Pavoor Church To Palathedy റോഡ് ഇംപ്രൂവ്മെന്റ് | 4,03,346 |
| 2 | 193 – ഇംപ്രൂവ്മെന്റ് Of Boddody Kathiikodi ST Community Hall | 2,10,000 |

1-1-9 ഡെപ്പോസിറ്റ്,അഡ്വാൻസ് രജിസ്റ്ററുകൾ കാലികമല്ല.

ഷെഡ്യൂൾ B7- Deposits Received- നീക്കിയിരിപ്പ് തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഷെഡ്യൂൾ B18- Loans And Deposits- നീക്കിയിരിപ്പ് തുകകൾ അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ B7, B18 Schedule ലെ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

1-1-10 കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക ധനകാര്യപത്രികയിൽ ഡെപ്പോസിറ്റായി ഉൾപ്പെടുത്തിയിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തി ചുവടെ പറയും പ്രകാരം കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്ത തുക ധനകാര്യപത്രിക ബി-18 ഷെഡ്യൂളിൽ "460500202 - ഡെപ്പോസിറ്റ് - കെ.എസ്.ഇ.ബി " എന്ന ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 270/23- ഇലക്ട്രിക് പോസ്റ്റ് ലൈന് മാറ്റൽ | 9,644/- | 0 | 9,644/- |
| | 44/23- സുണ്ണംഗള വാർഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ. | 1,56,164/- | 0 | 1,56,164/- |
| ആകെ തുക | | 1,65,808/- | 0 | 1,65,808/- |

1-1-11 Excess Of Income Over Expenditure ക്യാരി ഓവർ ചെയ്തതിൽ പിശക്

ഷെഡ്യൂൾ B1-Panchayat Fund General- ഈ ഷെഡ്യൂളിൽ Excess Of Income Over Expenditure എന്ന കണക്കിൽ 81,41,966.75 രൂപ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് പ്രകാരം 31.03.2023 ലെ ഗ്രോസ് സർപ്ലസ് (Income Over Expenditure After Prior Period Items) 1,70,694 രൂപ മാത്രമാണ്.

1-1-12 റീകൺസിലേഷൻ പത്രികകൾ ലഭ്യമാക്കിട്ടില്ല.

1) ചുവടെ ചേർത്ത ബാങ്ക് അക്കൗണ്ടുകളുടെ വർഷാന്ത്യ റീകൺസിലേഷൻ പത്രികകൾ പ്രകാരമുള്ള തുകകൾ തുടർ സാമ്പത്തിക വർഷം ക്രമീകരിക്കപ്പെട്ടിട്ടുള്ളതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| അക്കൗണ്ട് നം | Cheque Deposited But Not Cleared | Directly Debited By Bank | Directly Credited By Bank | Cheque Issued But Not Presented Into Bank |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1200019488275 Canara Bank (Own Fund) | 82,473/- | - | - | 1,09,772/- |
| 37296872640 E-payment SBI | 28,881/- | - | 3,33,278/- | 7,18,279/- |
| LGTSB | . | 9830/- | . | 2,14,850/- |

2)Canara Bank CFC PFMS-42282200187986-റീകൺസിലേഷൻ പത്രിക പരിശോധനയ്ക്ക്ഹാജരാക്കിട്ടില്ല.

1-1-13 ബാങ്ക് പാസ് ബുക്ക് / സ്റ്റേറ്റ്മെന്റ് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല..

താഴെ പറയുന്ന ബാങ്ക് പാസ് ബുക്ക്/ സ്റ്റേറ്റ്മെന്റ് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല.

| കോഡ് | അക്കൗണ്ട് വിവരം | 31.03.2023 ലെ നീക്കിയിരിപ്പ് |
|---|---|---|
| 450210101 | SBI-57052124285 | 27,310 |
| 450210101 | SBI-67316109301 | 39,519 |

1-1-14 വായ്പയും Prepaid Programme Expense ഉം പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ B5- 330500201- Loan From KURDFC എന്ന കണക്കിൽ 74,28,959 രൂപയാണ് വായ്പാ ബാദ്ധ്യത. എന്നാൽ തത്തുല്യമായ ആസ്തി ഹെഡിൽ (440500101-prepaid Programme Expense) 93,14,445 രൂപ ചേർത്തിട്ടുണ്ട്.

1-1-15 വിവിധ ആസ്തി ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

വിവിധ ആസ്തി ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) ഷെഡ്യൂൾ B4 ലെ ചുവടെ ചേർത്ത ബാദ്ധ്യതാ നീക്കിയിരിപ്പുകൾ ഏതൊക്കെ ആവശ്യങ്ങൾക്ക് എവിടെ നിന്ന് ലഭിച്ചു എന്നും നീക്കിയിരിപ്പ് തുകകൾ ഏതൊക്കെ ബാങ്ക് അക്കൗണ്ടുകളിലാണ് നിലവിലുള്ളത് എന്നും വിശദീകരിച്ചിട്ടില്ല.

320100198-Grant From Suchitwa Mission- 3,753,517.00

320100999- Other Liabilities -603,126.00

320200399- Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes 1,396,749.00

320700104 -Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats 442,999.00

320700105 -Contributions For Joint Venture Projects (For Capital Expenditure) – From District Panchayats 38,051.00

320700204 -Contributions For Joint Venture Projects (For Revenue Expenditure) – From Block Panchayats 906,062.00

320700205- Contributions For Joint Venture Projects (For Revenue Expenditure) – From District Panchayats 50,174.00

320700404 -Contributions For Other Specific Purposes (For Revenue Expenditure)- From Block Panchayats 59,750.00

320700405- Contributions For Other Specific Purposes (For Revenue Expenditure)- From District Panchayats 187,500.00

320800101 -Beneficiary Contributions 175,796.00

320800199 -Other Grants, Funds & Contributions For Specific Purposes - Capital 216,090.00

ബി)B-7 Deposits Received ഷെഡ്യൂളിലെ ചുവടെ ചേർത്ത ബാദ്ധ്യതാ നീക്കിയിരിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

340100101 -Contractors' Earnest Money Deposit 44,960.00

340100102- Suppliers' Earnest Money Deposit 178,919.00

340100103 -Bidders' Earnest Money Deposit 12,525.00

340100202- Suppliers' Security Deposit 32,390.00

340100301 -Contractors' Retention 97,518.00

340100303- Election Deposit 34,500.00

340109901 -Other Deposits 7,976.00

340200102 -Auction Deposit 65,000.00

സി) B9 ഷെഡ്യൂളിലെ ചുവടെ ചേർത്ത ബാദ്ധ്യതാ നീക്കിയിരിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

350300112 -Government And Other Dues Payable -Value Of Court Fee Stamp 1,425.00

350800101- Liability In Respect Of Stale Cheques 11,275.00

1-1-16 RP-30ൽ (-)91,095.00 രേഖപ്പെടുത്തിയത് വിവരം ലഭ്യമാക്കിട്ടില്ല

1) RP-30-320100196-Integrated Child Developement Scheme-ൽ 2022-23 വർഷം (-)91,095.00 രൂപ രേഖപ്പെടുത്തിട്ടുണ്ട്. എന്നാൽ ഇതിന്റെ വിശദ വിവരം ഓഡിറ്റ് പരിശോധനയിക്ക് ഹാജരാക്കിട്ടില്ല.

1-1-17 B-4 ഷെഡ്യൂൾ -ടോട്ടൽ സാനിട്ടേഷൻ-ചെലപു തുക ക്രമീകരിച്ചിട്ടില്ല

പ്രോജക്റ്റ് നം-125 ടേയിലറ്റ് നിർമ്മാണത്തിന് ധനസഹായ ഇനത്തിൽ 84,000/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക B4- ൽ ക്രമീകരിച്ചിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

1-1-18 മറ്റ് അപാകകൾ

1)RP-40(b) യിൽ Nationalised Bank Account Of Own Revenue Fund ഇനത്തിലെ 51,395/-രൂപ ILGMS ലേക്ക് Port ചെയ്യുമ്പോൾ പിശക് സംഭവിച്ചിട്ടുണ്ട്.ഈ അപാകത പരിഹരിക്കേണ്ടതാണ്.
2) പ്രോജക്റ്റ് നം. 320/23 മറ്റ് റിക്കവറികൾ എന്ന പ്രോജക്റ്റിൽ 1,50,000/- രൂപ സുലേഖ ചെലവ് പത്രികയിൽ ചെലവായി കാണിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ ഈ തുക ചെലവായിട്ടില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തീയതി | 1/1, 23.03.2022 | 1/1, 18.03.2023 |
| മുന്നിരിപ്പ് | 7776515 | 12670388 |

| | | |
|---|---|---|
| വരവ് | 241316500 | 241570388 |
| ആകെ | 249093015 | 254240776 |
| ചെലവ് | 248054500 | 244984506 |
| നീക്കിയിരിപ്പ് | 1038515 | 9256270 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| വർഷം | 2022-23 |
| മുന്നിരിപ്പ് | 19404000.50 |
| വരവ് | 47137410 |
| ആകെ | 66541410.50 |
| ചെലവ് | 46918808 |
| നീക്കിയിരിപ്പ് | 19622602.50 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 39,17,575 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സാ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,72,25,990 | 2,72,25,990 | 2,47,10,578 | 25,15,412 |
| വികസനഫണ്ട് എസ്.സി.പി. | 0 | 22,38,000 | 22,38,000 | 12,66,612 | 9,71,388 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 19,13,000 | 19,13,000 | 17,14,808 | 1,98,192 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 86,66,000 | 86,66,000 | 50,98,820 | 35,67,180 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 66,72,000 | 66,72,000 | 42,42,575 | 24,29,425 |
| സി.എഫ്.സി -Tied (ട്രഷറി) | 0 | 23,54,770 | 23,54,770 | 23,54,770 | 0 |
| സി.എഫ്.സി- Tied(ബാങ്ക്) | 49,28,753 | 57,87,000 | 1,07,15,753 | 42,61,339 | 64,54,414 |
| സി.എഫ്.സി- Untied (ട്രഷറി) | 0 | 5,93,194 | 5,93,194 | 5,93,194 | 0 |
| സി.എഫ്.സി- Untied (ബാങ്ക്) | 18,80,300 | 38,58,000 | 57,38,300 | 42,44,862 | 14,93,438 |
| ബി ഫണ്ട് | | | | | |

| | | | | | |
|---|---|---|---|---|---|
| വിവാഹധന സഹായം | 0 | 5,70,000 | 5,70,000 | 5,70,000 | 0 |
| സംയുക്ത പദ്ധതി | | | | | |
| ജില്ലാ പഞ്ചായത്ത് | 2,75,725 | 3,43,509 | 6,19,234 | 3,43,509 | 2,75,725 |
| ബ്ലോക്ക് പഞ്ചായത്ത് | 14,08,811 | 32,39,263 | 46,48,074 | 32,39,263 | 14,08,811 |
| കേന്ദ്രാവിഷ്കൃത & സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| SSA | 32034 | 0 | 32034 | 0 | 32034 |
| നിർമ്മൽ പുരസ്കാരം | 2,50,000 | 0 | 2,50,000 | 0 | 2,50,000 |
| 320100139-ഹെൽത്ത് ഗ്രാന്റ് | 0 | 2,93,749 | 2,93,749 | 1,44,847 | 1,48,902 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 1300100 | 19,96,314 | 32,96,414 | 10,89,718 | 22,06,696 |
| Literacy SchemeGrant | 2164 | 87 | 2251 | 0 | 2251 |
| ശുചിത്വ മിഷൻ | 37,53,517 | 0 | 37,53,517 | 84,000 | 36,69,517 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 17,16,749 | 0 | 17,16,749 | 3,20,000 | 13,96,749 |
| ഗുണഭോക്തൃ വിഹിതം | 4,233 | 1,71,563 | 1,75,796 | 0 | 1,75,796 |

കുറിപ്പ് :

1) വികസനഫണ്ട്-ജനറൽ സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 25,19,443/-രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട്-എസ്.സി.പി സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 2,81,145/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) വികസനഫണ്ട്-ടി.എസ്.പി സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 1,27,698/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

4) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 2022-23 വർഷം 1,28,93,000/-രൂപ വരവുണ്ട്.

5)തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധനസാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2022-23 വർഷം 1,90,80,218 രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

6)വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2022-23 വർഷം 3,43,12,800 രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ(DBT)ചെയ്തിട്ടുണ്ട്. (ഇൻകം&എക്സ്പെൻഡിച്ചർ- ഷെഡ്യൂൾ I-6)

7)ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 288 | 121246691 | 175 | 5,72,61,732 | - | 113 | 60.76 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2022-23 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 58 | 12658777 | 28 | 6670368 | 52.69 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 1463321 | 11 | 914255 | 62.48 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 159 | 46967828 | 85 | 22546118 | 48 |
| 4 | കൃഷി ഓഫീസർ | 11 | 4483038 | 11 | 3872550 | 86.38 |
| 5 | വെറ്റിനറി സർജ്ജൻ | 9 | 1641000 | 7 | 874925 | 53.32 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21 | 43694950 | 17 | 1,39,63,030 | 31.95 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 6385500 | 3 | 4915969 | 76.99 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 2 | 600000 | 2 | 600000 | 100 |
| 9 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 10 | 2452277 | 9 | 2124113 | 86.62 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 100000 | 1 | 100000 | 100 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 800000 | 1 | 680404 | 85.05 |
| | ആകെ | 288 | 12,12,46,691 | 175 | 5,72,61,732 | 47.22 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണച്ചെലവ് | 8,143 | 11,87,555 | 11,95,698 | 7,61,828 | 4,33,870 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പടെ) | 0 | 1,90,80,218 | 1,90,80,218 | 1,90,80,218 | 0 |
| ആകെ | 8,143 | 2,02,67,773 | 2,02,75,916 | 1,98,42,046 | 4,33,870 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 419 പദ്ധതികളുൾപ്പെടുന്ന 166183662 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 578 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 48159 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 137 കുടുബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 657000 | 48 |
| വിധവാപെൻഷൻ | 12180000 | 991 |
| വാർദ്ധക്യകാലപെൻഷൻ | 17635000 | 1454 |
| വികലാംഗപെൻഷൻ | 3727200 | 305 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 113600 | 9 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 570000 | 19 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.12.2023 തീയ്യതിയിൽ 3.00 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 8,332/-രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഗ്രാമ പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തികവർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്.

2) ഓഫീസ് മീറ്റിംഗ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. 2022-23 സാമ്പത്തിക വർഷം, 29-6-2022, 29-7-2022, 26-8-2022, 17-9-2022, 17-10-2022, 9-12-2022, 28-1-2023, 1-3-2023, 8-3-2023 എന്നീ തീയതികളിൽ

ഓഫീസ് മീറ്റീങ്ങുകൾ ചേർന്നിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങിന് വിധേയമാക്കേണ്ടതുമാണ്.

3) ഭരണ സംവിധാനം

ഓഡിറ്റ് വർഷം ഭരണ സമിതി 38 തവണ യോഗം ചേർന്നിട്ടുണ്ട്. വികസനം-(5 യോഗങ്ങൾ), ക്ഷേമം-(8 യോഗങ്ങൾ) , ആരോഗ്യ വിദ്യാഭ്യാസം-(6 യോഗങ്ങൾ) , ധനകാര്യം-(6 യോഗങ്ങൾ) , എന്നീ സ്റ്റാന്റിംഗ് കമ്മറ്റികളും ഗ്രാമ പഞ്ചായത്ത് ഭരണ നിർവ്വഹണത്തിൽ തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്. കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ162a-b1(i) പ്രകാരം ഓഫീസ് പ്രവർത്തനം, രേഖകളുടെ സൂക്ഷിപ്പ്, അക്കൗണ്ട്സ്, ഓഡിറ്റ് എന്നിവയുടെ മേൽനോട്ടച്ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്.

4) ഓഡിറ്റ് മോണിറ്ററിംഗ് സമിതി ഓഡിറ്റ് വർഷം യോഗം ചേർന്നിട്ടില്ല.
5) വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
6) സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.

7) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി, ബാങ്ക് അക്കൗണ്ടുകളിലെ വരവ് ചെലവ് തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അക്കൗണ്ടിംഗ് പ്രക്രിയ കാലികമായും സമയ ബന്ധിതമായും നടത്താത്തതിന്റെ പ്രശ്നങ്ങൾ പഞ്ചായത്തിൽ നില നിൽക്കുന്നുണ്ട്.

8) ഇൻകമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ,ഡെപ്പോസിറ്റ് രജിസ്റ്റർഎന്നിവ എഴുതി സൂക്ഷിക്കുന്നുണ്ട്.
9) ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

1-10 തുക ഒടുക്കിയതിലെ അപാകതകൾ സംബന്ധിച്ച്

1) 30.11.2022 തിയ്യതിയിലെ Day Book പ്രകാരമുള്ള കളക്ഷൻ തുക 13,895/-രൂപയാണ്. ടി തുകയാണ് തനത് ഫണ്ട് അക്കൗണ്ടിൽ (കാനറ ബാങ്ക് വൊർക്കാടി ശാഖയിലെ അക്കൗണ്ട് നം. 120001948275) ഒടുക്കേണ്ടിയിരുന്നത്. എന്നാൽ ടി തുക ഒടുക്കുന്നതിനു പകരമായി 18,895/- രൂപയാണ് ബാങ്കിൽ ഒടുക്കിയിട്ടുള്ളത്. ഇപ്രകാരം 5000/- രൂപ അധികം നിക്ഷേപിക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2) Day Book പ്രകാരമുള്ള ചുവടെ പറയുന്ന തിയ്യതികളിലെ കളക്ഷൻ തുക ബാങ്കിൽ (കാനറ ബാങ്ക് വൊർക്കാടി ശാഖയിലെ അക്കൗണ്ട് നം. 120001948275) ഒടുക്കിയിട്ടുണ്ട്. എന്നാൽ ആയത് ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കളക്ഷൻ തിയ്യതി (Day Book ലെ തിയ്യതി) | തുക ബാങ്കിൽ ഒടുക്കിയ തിയ്യതി/ ബാങ്കിൽ വരവ് വന്ന തിയ്യതി | ഒടുക്കിയ തുക |
|---|---|---|
| 01.10.2022 | 03.10.2022 | 2338/- |

| | | |
|---|---|---|
| 13.10.2022 | 14.10.2022 | 4300/- |
| 23.12.2022 | 26.12.2022 | 11130/- |
| 20.01.2023 | 21.01.2022 | 2312/- |
| ആകെ | | 20080/- |

മേൽ തുകകൾ ബാങ്ക് ബുക്കിൽ വരവ് വെക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 19 തീയ്യതി 14.12.2023)

1-11 എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1എ), 1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2022-23 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | ലൈസൻസ് നം. | വാർഡ്/കെട്ടിട നമ്പർ | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|
| 1 | മൊയ്ദീൻ കുഞ്ഞി | 02/2023 | 13/504 | വോർക്കാടി വുഡ് ഇന്റസ്ട്രീസ് | 4 |
| 2 | ആലി കുഞ്ഞി പി | 04/2023 | 10/331 A | ബാസിം ബ്രിക്സ് | 3 |
| 3 | ആലി കുഞ്ഞി പി | 05/2023 | 10/330 | ബാസിം മെറ്റൽസ് | 3 |
| 4 | ബാലകൃഷ്ണ ബി | 12/2023 | 16/393 | ദീക്ഷ വുഡ് ഇന്റസ്ട്രീസ് | 6 |
| 5 | സന്ദേശ കെ | 06/2023 | 1/104 A | ദ്രവിക എഞ്ചിനീയറിംഗ് വർക്സ് | 4 |
| 6 | സദാശിവ ഷെട്ടി | 17/2023 | 10/260 B | ഐ.ഒ.സി.എൽ ഫ്യവൽ പ്രൊഡക്ട്സ് | 3 |
| 7 | ഇബ്രാഹിം പി | 101/2023 | 9/4, 5 | അഷ്റഫ് വുഡ് ഇന്റസ്ട്രീസ് | 8 |
| 8 | ഡി.കെ ഇബ്രാഹിം | 44/2023 | 16/440 D | വെൽഡിംഗ് ഷോപ്പ് | 3 |
| 9 | മുഹമ്മദ് | 55/2023 | 14/287 B | അൽ അമീൻ | 4 |

| | | | | | |
|---|---|---|---|---|---|
| | റഫീഖ് | | | ഡിസ്ട്രിബ്യൂട്ടേഴ്സ് | |
| 10 | സൈഫ് ആസിഫ് | 58/2023 | 4/258 B | സുപ്പാരി മർച്ചന്റ് | 4 |
| 11 | സുഹൈദ | 65/2023 | 10/92, 92 A | മുഹ്ഷിദ് സ്റ്റോൺ ക്രഷർ | 3 |
| 12 | കെ.എ ഇബ്രാഹിം | 70/2023 | 2/247 B | ആസാദ് വുഡ് ഇൻഡസ്ട്രീസ് | 6 |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 10തീയ്യതി 13.12.2023)

1-12 വസ്തുനികുതി നിർണ്ണയം - കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിൽ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നം. | ഇനം | നിരക്ക് |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 30 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 50 |

നികുതി നിർണ്ണയിച്ചതിലെ അപാകതകൾ പട്ടികയായി ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ വിലാസം, | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം | നിർണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി |
|---|---|---|---|---|---|

| | വിശദാംശങ്ങൾ | | (ച.മീ) | നിരക്ക് | നിരക്ക് |
|---|---|---|---|---|---|
| 1 | പത്മാവതി, W/o Late ബാബു ദേവഡിഗ, പത്മശ്രീ കോംപ്ലക്സ്, സുങ്കടകട്ടെ ഹൗസ്, വോർക്കാടി (100 M2 ന മുകളിലുള്ള കെട്ടിടം) നികുതി പ്രാബല്യത്തിൽ വന്നത് 2022-23 രണ്ടാം അർദ്ധ വർഷം മുതൽ | 13/504 F | 25.70 | 30/m2 | 50/m2 |
| | | 13/504 G | 25.70 | 30/m2 | 50/m2 |
| | | 13/504 H | 25.70 | 30/m2 | 50/m2 |
| | | 13/504 I | 25.70 | 30/m2 | 50/m2 |
| | | 13/504 J | 25.70 | 30/m2 | 50/m2 |

മേൽപട്ടികയിൽ ചൂണ്ടിക്കാണിച്ച കെട്ടിടത്തിന്റെ വസ്തു നികുതി പുനഃക്രമീകരിച്ച് കുറവ് വന്ന തുക കുടിശ്ശിക ഉൾപ്പെടെ ഈടാക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ ഇതേ സ്വഭാവത്തിലുള്ള വാണിജ്യ കെട്ടിടങ്ങളിൽ സമാന രീതിയിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടോ എന്ന് വിശദമായ അന്വേഷണം നടത്തി നികുതി പുനഃനിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 21 തീയ്യതി 14.12.2023)

1-13 ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതികൾ - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

I.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 215/2023 |
| പ്രോജക്റ്റിന്റെ പേര് | വീട് വാസയോഗ്യമാക്കൽ - ജനറൽ |
| യൂണിറ്റ് കോസ്റ്റ് | 50,000/- |
| വകയിരുത്തൽ | വികസന ഫണ്ട് (സാധാ) 22,09,600/- |
| | തനത് ഫണ്ട് 3,40,400/- |
| ചെലവഴിച്ച തുക | വികസന ഫണ്ട് (ടി എസ് പി) 16,00,000/- |
| | തനത് ഫണ്ട് 75,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വോർക്കാടി സർക്കിൾ) |

ഭവന പുനരുദ്ധാരണത്തിനായി വിഭാവനം ചെയ്ത മേൽ പ്രോജക്റ്റ് പ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ മുൻകൂർ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെയായി ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ | ഗുണഭോക്താവിന്റെ | നൽകിയ | കരാർ | ചമച്ച | നിലവിലെ സ്ഥിതി |
|---|---|---|---|---|---|

| | | | | |
|---|---|---|---|---|
| നമ്പർ | പേരും മേൽവിലാസവും | തുക | തീയ്യതി/ ആദ്യ ഗഡു കൈപ്പറ്റിയ തീയ്യതി | |
| 01 | മുഹമ്മദ് കുഞ്ഞി S/o സീതി സാഹിബ് നിയർ പാവൂർ സ്കൂൾ പാവൂർ | 25,000 | 22.03.2023 | അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 02 | സീത W/o ബാബു ബോർക്കല കൊടലമൊഗരു | 25,000 | 01.03.2023 | അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 03 | അബ്ദുൾ കാദർ S/o കുഞ്ഞഹമ്മദ് കിനിയാജെ ഹൗസ് കൊടലമൊഗരു | 25,000 | 27.03.2023 | അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ല. |

II.ഭവന പുനരുദ്ധാരണം - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല .

| | |
|---|---|
| പ്രോജക്ക്റ്റ് നമ്പർ | 219/2023 |
| പ്രോജക്റ്റിന്റെ പേര് | വീട് വാസയോഗ്യമാക്കൽ - എസ് ടി |
| യൂണിറ്റ് കോസ്റ്റ് | 1,00,000/- |
| വകയിരുത്തൽ | വികസന ഫണ്ട് (സാധാ) 26,000/- |
| | വികസന ഫണ്ട് (ടി എസ് പി) 7,74,000/- |
| ചെലവഴിച്ച തുക | വികസന ഫണ്ട്(ടി എസ് പി) 5,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വോർക്കാടി സർക്കിൾ) |

ഭവന പുനരുദ്ധാരണത്തിനായി വിഭാവനം ചെയ്ത മേൽ പ്രോജക്റ്റ് പ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താവ് മുൻകൂർ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെയായി ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | നൽകിയ തുക | കരാർ ചമച്ച തീയ്യതി/ ആദ്യ ഗഡു കൈപ്പറ്റിയ തീയ്യതി | നിലവിലെ സ്ഥിതി |
|---|---|---|---|
| തുക്രു ധർമ്മനഗര ഹൗസ് | 50,000 | 17.03.2023 | അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| വോർക്കാടി | | | |

പൂർത്തിയാക്കാൻ അവശേഷിക്കുന്ന പുനരുദ്ധാരണ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കരാർ ലംഘനത്തിനെതിരെ നടപടികൾ സ്വീകരിച്ച് ഗുണഭോക്താവിൽ നിന്നും തുക തിരിക ഈടാക്കേണ്ടതാണ്.

III.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 118/2023 |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് ഭവന പദ്ധതി |
| യൂണിറ്റ് കോസ്റ്റ് | 4,00,000/- |
| വകയിരുത്തൽ | വികസന ഫണ്ട് (എസ് സി പി) 436049/- |
| | സ്റ്റേറ്റ് ഷെയർ 22,00,000/- |
| | ബ്ലോക്ക് പഞ്ചായത്ത് 7,00,000/- |
| | ജില്ലാ പഞ്ചായത്ത് 5,00,000/- |
| ചെലവഴിച്ച തുക | വികസന ഫണ്ട് (എസ് സി പി) 420000/- |
| | സ്റ്റേറ്റ് ഷെയർ 3,20,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വോർക്കാടി സർക്കിൾ) |

ലൈഫ് ഭവന പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ മുൻകൂർ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെയായി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | നൽകിയ തുക | ആദ്യ ഗഡു കൈപ്പറ്റിയ തീയ്യതി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 01 | പ്രശാന്തി<br>W/o പത്മനാഭ<br>സുല്യമ ഹൗസ്<br>കൊടലമൊഗരു<br>പാത്തൂർ | 40,000 | 01.07.2022 | അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 02 | ചന്ദ്രകല എം<br>W/o നാഗേഷ<br>നേറോലിക് ഹൗസ്<br>വോർക്കാടി | 40,000 | 13.07.2022 | അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 03 | രേഖ<br>W/o ആനന്ദ<br>മുടിമാർ ഹൗസ്<br>പാവൂർ | 2,00,000 | 01.07.2022 | ലിന്റൽ നിർമ്മാണം പൂർത്തീകരിച്ചു. |

| | | | | |
|---|---|---|---|---|
| 04 | വനിത<br>W/o ദിനേശ<br>കെട്ടുമ്പാടി പടവ്<br>ഹൗസ് | 1,40,000 | 18.09.2022 | ലിന്റൽ നിർമ്മാണം പൂർത്തീകരിച്ചു. |
| 05 | കവിത കെ<br>W/o ശിവരാമ | 2,00,000 | 18.09.2022 | ലിന്റൽ നിർമ്മാണം പൂർത്തീകരിച്ചു. |
| 06 | ഗീത<br>W/o സുന്ദര<br>മാരിക്കാപ്പ് ഹൗസ്<br>വോർക്കാടി | 2,00,000 | 10.11.2022 | ലിന്റൽ നിർമ്മാണം പൂർത്തീകരിച്ചു. |

പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഭവനങ്ങളുടെ നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കരാർ ലംഘനത്തിനെതിരെ നടപടികൾ സ്വീകരിച്ച് ഗുണഭോക്താക്കളിൽ നിന്നും തുക തിരിക ഈടാക്കേണ്ടതാണ്.

1-14 വാങ്ങലുകൾ നടത്തുമ്പോൾ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ഈടാക്കാതെ തുക അനുവദിച്ചു.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് വാങ്ങലുകൾ നടത്തുമ്പോൾ താഴെക്കൊടുത്തിരിക്കുന്ന നിർവ്വഹണോദ്യോഗസ്ഥർ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി ഡി എസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ & പേര് | നിർവ്വഹണോദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 01/2023<br>അംഗനവാടി പോഷകാഹാരം | ഐ സി ഡി എസ് സൂപ്പർവൈസർ | വികസന ഫണ്ട് (സാധാ) 30,00,000/-<br>കേന്ദ്രാവിഷ്കൃത ഫണ്ട് 20,00,000/- | വികസന ഫണ്ട്(സാധാ) 29,81,609/-<br>കേന്ദ്രാവിഷ്കൃത ഫണ്ട് 9,98,623/- | ന്യൂട്രിമിക്സ് വിതരണം ചെയ്തതിന് അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റിന് നൽകിയ തുക.<br>1.ബിൽ നം.22200652 014100215164 തീയ്യതി.18.06.2022<br>തുക 95,623/-<br>2.ബിൽ നം.222006520141 00447220 തീയ്യതി.22.08.2022<br>തുക 45,496/-<br>3.ബിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | നം.2220065201<br>4100654911<br>തീയ്യതി.16.10.2022<br>തുക 53,214/-<br>4.ബിൽ<br>നം.222006520141<br>00654921<br>തീയ്യതി.16.10.2022<br>തുക 77,983/-<br>5.ബിൽ<br>നം.222006520141<br>00812807<br>തീയ്യതി.24.11.2022<br>തുക 87,906/-<br>6. ബിൽ<br>നം.259<br>തീയ്യതി.16.02.2023<br>തുക 65,745/-<br>7. ബിൽ<br>നം.260<br>തീയ്യതി.16.02.2023<br>തുക 79,269/-<br>8. ബിൽ<br>നം.261<br>തീയ്യതി.16.02.2023<br>തുക 80,115/- | |
| | 43/2023<br>ബയോ<br>കമ്പോസ്റ്റർ<br>ബിൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>(വോർക്കാടി സർക്കിൾ) | വികസന<br>ഫണ്ട്<br>(ധനകാര്യ<br>കമ്മീഷൻ<br>അവാർഡ്)<br>28,93,500/-<br>തനത്<br>ഫണ്ട് 2250/-<br>ഗുണഭോക്തൃ<br>വിഹിതം<br>3,21,750/- | വികസന<br>ഫണ്ട്(ധനകാര്യ<br>കമ്മീഷൻ<br>അവാർഡ്)<br>14,40,000/-<br>ഗുണഭോക്തൃ<br>വിഹിതം<br>1,60,000/- | ബയോകമ്പോസ്റ്റർ<br>ബിൻ<br>വിതരണം<br>ചെയ്തതിന്<br>റെയ്ഡ്കൊ<br>യ്ക്ക് നൽകിയ തുക.<br>1)ബിൽ<br>നം.XVFC/2022-23<br>/p/103<br>തീയ്യതി.31.03.2023<br>തുക 9,00,000/-<br>2)ബിൽ<br>നം.XVFC/2022-23<br>/p/104<br>തീയ്യതി.31.03.2023 | |

| | | | | |
|---|---|---|---|---|
| | | | | തുക 5,40,000/- 3)വൗച്ചർ നം.22300217/ 11.07.2023 തുക1,60,000/- (ഗുണഭോക്തൃ വിഹിതം) |

